LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല വകപ്പ് ഭൂജല സംരക്ഷണവും ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കി വരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും തുറന്ന കിണറുകൾ പരിപോഷിപ്പിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(ബി) സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)നമ്പർ19/2004/ എൽ.എസ്.ജി.ഡി. തീയതി 12-1-2004 പ്രകാരം കെട്ടിട നിർമ്മാണ ഘട്ടത്തിൽതന്നെ ഭൂജലസ്രോതസ്സ് റീ-ചാർജ് ചെയ്യണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂജല വകപ്പ് നേരിട്ട് സ്കൂളുകളിലും മറ്റു പൊതു കെട്ടിടങ്ങളിലും മഴവെള്ളം സംഭരിച്ച് കിണർ റീചാർജ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(സി) ചെലവുകുറഞ്ഞ രീതിയിൽ റീചാർജിംഗ് ചെയ്യുന്ന പദ്ധതിക്ക് ഭൂജല വകപ്പിൽനിന്നും സബ്സിഡി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പമ്പ് ഹൗസുകൾ**

229(2698) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ വിവിധ പമ്പ് ഹൗസുകൾ ചോർന്നൊലിക്കുന്നതും സുരക്ഷിതമല്ലാത്തതുമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പമ്പ് ഹൗസുകൾ കാലപ്പഴക്കത്താൽ ചോർന്നൊലിക്കുന്നതായി ശ്രദ്ധയിൽപ്പെടുമ്പോൾ ആയവ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും (69-Renovation of Civil Structure) അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ മെയിന്റനൻസിൽ ഉൾപ്പെടുത്തിയും പണികൾ നടത്താറുണ്ട്.